**<u>ഭരണഭാഷ – മാതൃഭാഷ</u>**

പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
ഹയർ സെക്കന്ററി വിഭാഗം, ന്യൂ ബിൽഡിംഗ്,
ജഗതി, തിരുവനന്തപുരം - 14.
ഇ-മെയിൽ - dhsefinc5@gmail.com, Ph - 0471 - 2580734

തീയതി: 07-03-2025

നം. HSE/6159/2024-Fin C5

## <u>പരിപത്രം</u>

വിഷയം:- പൊ.വി.വ - ഹ.സെ.വി - എസ്.എസ്.കെ സ്റ്റാർസ് പദ്ധതി 2023-24 -സർക്കാർ ഹയർസെക്കണ്ടറി വിദ്യാലയങ്ങളിൽ ലാബ് ക്രമീകരിക്കുന്നത് - ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ട് വിവരങ്ങൾ ആവശ്യപ്പെടുന്നത് - സംബന്ധിച്ച്

സൂചന :- 1.28/03/2024 തീയതിയിലെ എസ്.എസ്.കെ പ്രൊജക്ട് ഡയറക്ടറുടെ എഫ്3/173/2024/എസ്.എസ്.കെ/സ്റ്റാർസ് നമ്പർ ഉത്തരവ്

2. 06/09/2024 തീയതിയിലെ ഫിൻ.സി5/6159/2024/എച്ച്.എസ്.ഇ നമ്പർ ഉത്തരവ്

സൂചന 1 ഉത്തരവ് പ്രകാരം സമഗ്ര ശിക്ഷ കേരളം- സ്റ്റാർസ് പദ്ധതി പ്രകാരം ഹയർ സെക്കന്ററി സ്കൂളുകളിൽ വിവിധ ലാബുകൾ ക്രമീകരിക്കുന്നതിന് തുക അനുവദിച്ച് ഉത്തരവായിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ സൂചന 2 പ്രകാരം ബന്ധപ്പെട്ട സ്കൂളുകളിൽ നിന്നും അപേക്ഷകൾ ലഭ്യമാകുന്ന മുറക്ക് ഭരണാനുമതി നല്കുന്നതിന് ബന്ധപ്പെട്ട ആർ.ഡി.ഡി യെ ചുമതലപ്പെടുത്തി ഉത്തരവാകുകയും ചെയ്തു, ആയത് പ്രകാരം ആർ.ഡി.ഡി ആഫീസുകളിൽ നിന്നും ഭരണാനുമതി ഉത്തരവ് നല്കുകയും ചെയ്തിട്ടുണ്ട്, ആർ.ഡി.ഡി ആഫീസുകളിൽ നിന്നും ലഭ്യമായ ഭരണാനുമതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ ലാബ് ക്രമീകരിക്കുന്നതിനായി തുക അനുവദിക്കണമെന്നാവശ്യപ്പെട്ട് ആർ.ഡി.ഡി/ബന്ധപ്പെട്ട സ്കൂളുകളിൽ നിന്നും അപേക്ഷയും ലഭ്യമായിട്ടുണ്ട്. മേൽ അപേക്ഷ പ്രകാരം തുക വിതരണം ചെയ്യുന്നതിനായി ബന്ധപ്പെട്ട സ്കൂളുകളിലെ ഡി.ഡി.ഒ യുടെ

പേരിലുള്ളതും നിലവിൽ ഉപയോഗത്തിലുള്ളതുമായ ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ട് നം. , ഡി.ഡി.ഒ കോഡ്, അക്കൗണ്ട് സംബന്ധിച്ച മറ്റ് വിവരങ്ങൾ (ട്രഷറിയുടെ പേര് ഉൾപ്പെടെ) എന്നിവ പാസ്സ് ബുക്കിന്റെ ഫ്രണ്ട് പേജിന്റെ പകർപ്പ് സഹിതം **14/03/2025** നുള്ളിൽ പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിലെ ഹയർ സെക്കന്ററി വിഭാഗത്തിൽ ലഭ്യമാക്കേണ്ടതാണ് എന്ന് നിർദ്ദേശിക്കുന്നു.

**സീനിയർ ഫിനാൻസ് ഓഫീസർ**
(പൊതു വിദ്യാഭ്യാസ ഡയറക്ടർക്ക് വേണ്ടി)

Signed by
Thomas P J
Date: 07-03-2025 14:49:27

സ്വീകർത്താവ്

1) സൂചന 1 പ്രകാരം തിരഞ്ഞെടുത്ത എല്ലാ സർക്കാർ ഹയർ സെക്കണ്ടറി സ്കൂൾ പ്രിൻസിപ്പൽമാർക്കും.
2) എല്ലാ മേഖല ഉപമേധാവിമാർക്കും (അറിവിലേക്കായി).